കളക്ടറേറ്റുകളെയും താലൂക്ക്/വില്ലേജാഫീസുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ നെറ്റ്‌വർക്ക്

28 [624] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളക്ടറേറ്റുകളിൽ നിന്നും താലൂക്ക്/വില്ലേജാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ വേഗം ലഭ്യമാക്കുന്നതിനു വേണ്ടി, സംസ്ഥാനത്തെ കളക്ടറേറ്റുകളെയും താലൂക്ക്/വില്ലേജാഫീസുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വടക്കാഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ

29 [625] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലപ്പള്ളി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ഭരണാനുമതി നൽകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജാഫീസുകൾ

30 [626] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഏതൊക്കെ വില്ലേജാഫീസുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly